## മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
## ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 160**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരേ,

2025 ജൂലൈ മാസം 6–ാം തീയതി ദശാംശ സമർപ്പണ ഞായറാഴ്ചയായി സഭ വേർതിരിച്ചിരിക്കുന്നു. ജീവിതം ജീവന്റെ ഉടയവന് എന്നതാണ് ഈ വർഷത്തെ ദശാംശ സമർപ്പണ ഞായറാഴ്ചയിലെ ചിന്താവിഷയം. നമുക്കുള്ളതെല്ലാം ദൈവികദാനമാണ്. ദൈവം നൽകിയത് ദൈവസന്നിധിയിൽ സമർപ്പിക്കുന്നു എന്ന ബോധ്യത്തോടെ ദൈവരാജ്യനിർമ്മിതിയിൽ പങ്കാളികളാകാം.

ദശാംശ സമർപ്പണ ഞായർ സ്തോത്രകാഴ്ചയിലൂടെ ലഭിക്കുന്ന തുക മുഖ്യമായും സഭയായി നടത്തുന്ന സുവിശേഷ പ്രവർത്തനങ്ങൾക്കാണ് ഉപയോഗിക്കുന്നത്. വരുമാനത്തിന്റെ ദശാംശം വേർതിരിച്ച് സുവിശേഷ പ്രവർത്തനങ്ങൾക്കായി നൽകുന്ന ശ്രേഷ്ഠമായ പാരമ്പര്യം തുടരാം.

നമുക്ക് ലഭിച്ചിരിക്കുന്ന താലന്തുകൾ, സമയം, സമ്പത്ത്, ആരോഗ്യം ഇവയെല്ലാം ദൈവദാനമാണ്. ദശാംശം വേർതിരിച്ചു നല്കുന്നതിലൂടെ സഭയുടെ പ്രേഷിത പ്രവർത്തനങ്ങളിലും ദൈവരാജ്യ ശുശ്രൂഷയിലും നാം സജീവമായി പങ്കെടുക്കുകയാണ് എന്ന ബോധ്യത്തോടെ ഈ വർഷത്തെ ദശാംശ സമർപ്പണത്തിൽ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു. നമ്മുടെ സഭയിലെ വരുമാനമുള്ള എല്ലാ അംഗങ്ങളും സുവിശേഷ പ്രവർത്തനങ്ങൾക്കായി ദശാംശം വേർതിരിച്ച് ജൂലൈ മാസം 6–ാം തീയതി ഞായറാഴ്ചയിലെ സ്തോത്രകാഴ്ചയായി സമർപ്പിക്കണം. അന്നേ ദിവസം കവറിലുൾപ്പെടെ ലഭിക്കുന്ന മുഴുവൻ സ്തോത്രകാഴ്ച തുകയും സംഭാവനയായി ലഭിക്കുന്ന തുകകളും യഥാസമയം സഭാ ഓഫീസിൽ അടയ്ക്കുവാൻ ഇടവക ചുമതലക്കാർ ശ്രദ്ധിക്കുമല്ലോ.

പ്രിയരെ, ഭൗതികവും ആത്മീയവുമായ വിഭവങ്ങൾ കാര്യക്ഷമമായി വിനിയോഗിക്കുവാൻ ദൈവം നമ്മെ ഭരമേല്പിച്ചിരിക്കുന്നു. ദൈവം നൽകിക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾക്ക് സ്തുതി സ്തോത്ര ങ്ങൾ അർപ്പിക്കുകയും ഉത്തമ കാര്യവിചാരകരായി ദൈവരാജ്യ ശുശ്രൂഷയിൽ സമർപ്പണത്തോടെ പ്രവർത്തിക്കുകയും ചെയ്യാം.

> ‘… *നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവ ത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ’ (റോമർ 12:1)*

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

തിരുവല്ലാ പൂലാത്തീനിൽ നിന്നും 2025 ജൂൺ മാസം 12–ാം തീയതി,

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 160**

*Blessings to all the vicars, resident clergy, trustees*
*and members of all the parishes under our authority.*

Dearly beloved in Christ,

We have set apart July 6, 2025 as Tithe Sunday. The theme for this year's Tithe Sunday is Life for the Creator. All that we have in this world is a gift from God. We should be able to give with thanks for the extension of God's kingdom, with the awareness that what God has given is offered before God.

The amount received through the thanksgiving offering on Tithe Offering Sunday is primarily used for the gospel activities conducted by the Church. We should steadily continue our great tradition of setting aside the tithe of our income for the gospel work.

Talent, Time, wealth, and health are all gifts of God. We exhort everyone to participate in the tithe offering with the conviction that through our tithe we are actively participating in the mission work of the Church and the ministry of God's kingdom. All are earnestly encouraged to wholeheartedly cooperate in this year's Tithe Offering with this awareness. Every earning member of our Church should set aside their tithe for the gospel activities and offer it as part of the thanksgiving offering on Sunday, the 6th of July. The office bearers should ensure that the entire amount received as offertory, including in envelopes, and the amounts received as donation during the worship service on Sunday, 6th July, are remitted to the Sabha Office in time.

Beloved, God has entrusted us with the responsibility of wisely managing both material and spiritual resources. Let us continuously offer thanks and praises for the blessings God graciously provides and faithfully serve as good stewards in the ministry of the Kingdom of God.

*"... Offer your bodies as a living sacrifice, holy and pleasing to God—this is your true and proper worship."* (Romans 12:1)

May God's grace be with you all

Dated 12th June 2025 from Poolatheen, Thiruvalla

**Dr. Theodosius Mar Thoma Metropolitan**